# Deepika

## 24 August 2018

## Thiruvananthapuram: After Flood, Loans ,



# മധ്യ-ദീർഘകാലത്തേക്കു വായ്പകൾ പുനഃക്രമീകരിക്കും: ബാങ്കേഴ്സ് സമിതി

**ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ തീരുമാനം**

**തിരുവനന്തപുരം:** ദുരിതബാധിത പ്രദേശങ്ങളായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സ്ഥലങ്ങളിലെ എല്ലാവിധ വായ്പകളും മധ്യ-ദീർഘകാല വായ്പകളായി പുനഃക്രമീകരിക്കാനും ഒരു വർഷത്തെ മോറട്ടോറിയം ഏർപ്പെടുത്താനും സംസ്ഥാനതല ബാങ്കേഴ്സ് സമിതി തീരുമാനിച്ചു.

കഴിഞ്ഞ മാസം 31 മുതൽ ഒരു വർഷത്തേക്കാണ് മോറട്ടോറിയം. വിദ്യാഭ്യാസ വായ്പകൾക്ക് ആറു മാസമായിരിക്കും മോറട്ടോറിയം. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ ജപ്തിനടപടികളും മൂന്നു മാസത്തേക്കു നിർത്തിവയ്ക്കാനും തീരുമാനിച്ചു.

ചെറുകിട ഇടത്തരം വ്യാപാരികളുടെ വായ്പകൾ പുനഃക്രമീകരിക്കും. കൂടാതെ പുതിയ വായ്പയും അവർക്കു നൽകും. സംസ്ഥാനത്തെ എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും ചെറുകിട ഫിനാൻസ് ബാങ്കുകളും പ്രാദേശിക ഗ്രാമീണ ബാങ്കുകളും സഹകരണ ബാങ്കുകളും ഈ തീരുമാനം നടപ്പിലാക്കും.

വായ്പകളുടെ പുനഃക്രമീകരണത്തിനും മൊറട്ടോറിയത്തിനും വേണ്ട അപേക്ഷ ഉടൻ സമർപ്പിക്കണം. അർഹമായ പുതിയ വായ്പകൾക്ക് ഡിസംബർ 31-നുള്ളിൽ അപേക്ഷ സമർപ്പിക്കണം. കാർഷികവായ്പകൾക്ക് അപേക്ഷകൾ അടുത്ത കൊയ്ത്തുകാലത്തിനുള്ളിൽ സമർപ്പിക്കണം. വായ്പകളുടെ പുനഃക്രമീകരണം ഒക്ടോബർ 31-നകം പൂർത്തീകരിക്കണം. മോറട്ടോറിയം കാലാവധിയിൽ കൂട്ടുപലിശയുണ്ടാവില്ല. ഈ പദ്ധതി പ്രഖ്യാപിക്കുന്ന സമയത്ത് വായ്പാ കുടിശിക ഇല്ലെങ്കിൽ അതിനെ ദീർഘകാല വായ്പയായി മാറ്റാം. ഈ വായ്പ തിരിച്ചടയ്ക്കാനുള്ള പുതുക്കിയ കാലാവധി മൊറട്ടോറിയം കാലാവധിയുൾപ്പെടെ അഞ്ചു വർഷമായി നിജപ്പെടുത്തി. വായ്പകൾ പുനഃക്രമീകരിക്കുമ്പോൾ ഈട് ആവശ്യപ്പെടാൻ പാടില്ല. കന്നുകാലി വളർത്തൽ ഉൾപ്പെടെ കൃഷി അനുബന്ധ വിഭാഗങ്ങൾക്കും വായ്പാ പുനഃക്രമീകരണം നടത്താം. എന്നാൽ, മുൻവർഷങ്ങളിൽ അറിഞ്ഞുകൊണ്ട് വീഴ്ച വരുത്തിയ തവണകൾ പുനഃക്രമീകരിക്കില്ല. ചെറുകിട വ്യാപാരമേഖലയ്ക്കും ഇതൊക്കെ ബാധകമായിരിക്കും. വായ്പയെടുത്തവരുടെ തിരിച്ചടവ് ശേഷിക്കനുസരിച്ച് അവ പുനഃക്രമീകരിക്കുകയും പുതിയ വായ്പകൾ നൽകുകയും ചെയ്യും. ഭവന വായ്പകൾക്കും ഇതൊക്കെ ബാധകമായിരിക്കും.

വീടിന്റെ അറ്റകുറ്റപ്പണി, പുനരുദ്ധാരണം, റീഫർണീഷിംഗ്, പുനർനിർമാണം എന്നിവയ്ക്ക് പുതിയ വായ്പകൾ നൽകും. നിബന്ധനകൾ എല്ലാം ഓരോ ബാങ്കിന്റെയും പദ്ധതിയുടെ അടിസ്ഥാനത്തിലായിരിക്കും. അഞ്ചു ലക്ഷം രൂപ വരെയുള്ള പുതു വായ്പകൾക്ക് മാർജിൻ വേണ്ട. പ്രളയത്തിൽ എല്ലാ രേഖകളും നഷ്ടപ്പെട്ടവർക്ക് ബാങ്കിന്റെ പാസ്ബുക്ക് അടിസ്ഥാനരേഖയായി പരിഗണിക്കും. ഇതിനായി കെവൈസി മാനദണ്ഡങ്ങളിൽ ഇളവു നൽകും. തിരിച്ചറിയൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് ബാങ്ക് ഫോട്ടോ പതിപ്പിച്ച പാസ്ബുക്ക് നൽകും.

പ്രളയക്കെടുതികളിൽ ബാങ്കിംഗ് മേഖലയും തകർന്നു. പ്രളയത്തിൽ സംസ്ഥാനത്താകെ 324 ബാങ്ക് ശാഖകളും മുങ്ങി. 428 എടിഎമ്മുകളും മുങ്ങി. പല സ്ഥലങ്ങളിലും ബാങ്ക് ശാഖകൾ ഇപ്പോഴും വെള്ളത്തിലാണ്. പ്രളയത്തിന്റെ ആഘാതം കുറഞ്ഞശേഷം 159 ബാങ്കുകൾ വീണ്ടും തുറന്നു. എടിഎമ്മുകളിൽ 82എണ്ണം മാത്രമാണ് ഇതുവരെ തുറന്നതെന്നും കനറാ ബാങ്ക് ചെയർമാൻ ടി.എൻ. മനോഹരൻ പത്രസമ്മേളനത്തിൽ അറിയിച്ചു.